LIBRARY ARCHIVES Kerala Legislative Assembly

## ജലഗതാഗത വകുപ്പിന് കീഴിലെ യാത്രാ ബോട്ടുകൾ

368 (2198) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് കീഴിൽ എത്ര യാത്രാ ബോട്ടുകൾ ഉണ്ട് ; ഇതിൽ സർവ്വീസ് നടത്തുന്നവ എത്ര ; സർവ്വീസ് നടത്താത്തവ എത്ര; വിശദമാക്കുമോ ;

(ബി) വകുപ്പിന് കീഴിലുള്ള ബോട്ടുകളിൽ ഭൂരിഭാഗവും അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾചെയ്ത് ഗതാഗതയോഗ്യമാക്കാത്തത് വകുപ്പിന് പ്രതിദിനം ധാരാളം നഷ്ടം വരുത്തുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; എങ്കിൽ എത്ര എണ്ണം ; കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത്തരം യാത്രാക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് നിർമ്മിച്ച ഡ്രൈ ഡോക്ക് യാർഡ് പ്രവർത്തന സജ്ജമാണോ ; എങ്കിൽ ഇത്തരം എല്ലാ ബോട്ടുകളും അടിയന്തരമായി യാത്രാക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) വകുപ്പിന് കീഴിൽ 95 ബോട്ടുകൾ നിലവിൽ ഉണ്ട്. ഇതിൽ 51 ബോട്ടുകൾ ഉപയോഗിച്ച് നിലവിൽ അനുവദിച്ചിട്ടുള്ള 51 ഷെഡ്യൂളുകൾ കൃത്യമായി നടത്തിവരുന്നു. 2 ബോട്ടുകൾ സ്പെയർ ബോട്ടായി നിലനിർത്തിയിട്ടുള്ളവയാണ്. ഒരു പൈലറ്റ് ബോട്ട്, ഒരു സ്പീഡ് ബോട്ട്, ഒരു വർക്ക്ഷോപ്പ് ബോട്ട് എന്നിവ ഉൾപ്പെടെ ആകെ 56 ബോട്ടുകൾ സർവ്വീസിന് യോഗ്യമായവയാണ്. 10 ഫൈബർ ബോട്ടുകൾ സർവ്വീസ് യോഗ്യമല്ലാത്തതിനാൽ നീക്കം ചെയ്തിട്ടുള്ളവയാണ്. ശേഷിക്കുന്ന 29 ബോട്ടുകൾ മേജർ/മൈനർ അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ യാർഡുകളിൽ പിടിച്ചിട്ടുള്ളവയാണ്. ഇവ വകുപ്പിന്റെ പുതുതായി പണി കഴിപ്പിച്ച ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിലെ ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവയും എറണാകുളം തേവരയിലെ യാർഡ് സൗകര്യവും പ്രയോജനപ്പെടുത്തി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിവരികയാണ്.

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള 51 ഷെഡ്യൂളുകളും സംസ്ഥാന ജലഗതാഗത വകുപ്പ് കൃത്യമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും, 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പണി പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. യാർഡുകളിൽ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വകുപ്പ് വക ബോട്ടുകൾ സർവ്വീസ് യോഗ്യമാക്കിവരികയാണ്. അനുവദനീയമായ ഷെഡ്യൂളുകൾ കൃത്യമായി സർവ്വീസ് നടത്തുന്നതിനാൽ വകുപ്പിന് പ്രതിദിനം നഷ്ടം ഉണ്ടാകുന്നില്ല.

(സി) ഇല്ല. സർവ്വീസ് ബോട്ടുകൾ എല്ലാം കൃത്യമായ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ ഉള്ളവയാണ്. തുറമുഖ വകുപ്പ് സർവ്വേയർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉള്ള ബോട്ടുകൾ മാത്രമാണ് സർവീസുകളിൽ ഉപയോഗിച്ചുവരുന്നത്.

(ഡി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി നിർമ്മിച്ച കേരളത്തിലെ തന്നെ ആദ്യത്തെ 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പെയർ ചെയ്യാവുന്ന ഡ്രൈഡോക്കിന്റേയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയുടേയും പണികൾ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ടി യാർഡുകളിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമാടിസ്ഥാനത്തിൽ നടത്തി ഉടൻ യാത്രാ ക്ഷമമാക്കുവാൻ കഴിയും. നിലവിൽ മൈനർ അറ്റകുറ്റപ്പണികൾ ആവശ്യമായ ബോട്ടുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സർവീസുകൾ നടത്തിവരുന്നു. മേജർ അറ്റകുറ്റപ്പണികൾ ആവശ്യമായവ യാർഡുകളിലെ സ്ഥല സൗകര്യം അനുസരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ നടത്തി യാത്രാക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർവ്വീസ് നടത്താൻ യോഗ്യമായ ബോട്ടുകൾ

369 (2199) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്താൻ യോഗ്യമായ എത്ര ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ പഴക്കം എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly